"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.ആർസി3/288/2016/തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23/11/2021

## പരിപത്രം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ.(അച്ചടി) നമ്പർ 2/2015/നിയമം തീയതി 16.02.2015.

2008 ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം, പ്രസ്തുത ചട്ടങ്ങൾ നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സൂചന (1) ഉത്തരവിലൂടെ ചട്ടം 6 ൽ വരുത്തിയ ഭേദഗതി പ്രകാരം "ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാരപ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും 2008 ലെ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല" എന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, മതാചാരപ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ, വിവാഹത്തിലെ കക്ഷികളുടെ മതം പരിഗണിച്ച് തദ്ദേശ രജിസ്ട്രാർമാർ വ്യത്യസ്ത സമീപനം കൈക്കൊള്ളുന്നതായി നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. താത്കാലിക വിവാഹങ്ങൾ പോലുള്ളവ നിരുത്സാഹപ്പെടുത്താൻ ഉദ്ദേശിച്ച് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ നിബന്ധന യഥാർത്ഥ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമാകുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

ബഹു. സുപ്രീം കോടതിയുടെ സീമ Vs അശ്വനി കുമാർ കേസിൽ 14/02/2006 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ "വിവാഹം രജിസ്റ്റർ ചെയ്തു എന്നതുകൊണ്ട് മാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ലാത്തതും ഒരു വിവാഹത്തിന്റെ സാധുത സംബന്ധിച്ച് നിർണ്ണായകമായ ഘടകമല്ലായെന്നും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതു മൂലം ആ വിവാഹബന്ധത്തിൽ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണം, അവകാശം, വിവാഹിതരാകുന്ന വ്യക്തികളുടെ പ്രായം എന്നീ കാര്യങ്ങൾ സംബന്ധിച്ച മുഖ്യതെളിവായിരിക്കു'മെന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

വിവാഹങ്ങളുടെ സാധുത നിർണ്ണയിക്കപ്പെടുന്നത് കക്ഷികളുടെ മതം അടിസ്ഥാനപ്പെടുത്തി മാത്രമല്ലാത്തതും വിവാഹത്തിന്റെ സാധുത നിർണ്ണയിക്കുന്നതിന് തദ്ദേശ രജിസ്ട്രാർമാർക്ക് ക്ഷമതയില്ലാത്തതുമാണ്. മാത്രമല്ല, വിവാഹ രജിസ്ട്രേഷനായി കക്ഷികൾ നൽകുന്ന ഫോറം 1 ൽ ഉള്ള മെമ്മോറാണ്ടത്തിൽ കക്ഷികളുടെ മതമോ, വിവാഹം നടന്ന രീതിയോ രേഖപ്പെടുത്തേണ്ടതുമില്ല. നിലവിൽ, കക്ഷികൾ ജനനതീയതി തെളിയിക്കുന്നതിനായി നൽകുന്ന

സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളിലെ മതം സംബന്ധിച്ച രേഖപ്പെടുത്തലിന്റെയും അവരുടെ പേരിന്റെയും മറ്റും അടിസ്ഥാനത്തിലാണ് രജിസ്ട്രാർമാർ മതം നിർണ്ണയിക്കുന്നത്. അങ്ങനെയുള്ള വിവരങ്ങളുടെ അഭാവത്തിൽ കക്ഷികളിൽ നിന്ന് അധിക വിവരങ്ങൾ രജിസ്ട്രാർമാർ ആവശ്യപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ടപ്രകാരം, വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടത്തിനൊപ്പം കക്ഷികളുടെ ജനനതിയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനുള്ള തെളിവും കക്ഷികൾ നൽകേണ്ടതാണ്. വിവാഹം നടന്നതിനുള്ള തെളിവായി, മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ/ എം പി/എം എൽ എ/തദ്ദേശ സ്ഥാപന അംഗം എന്നിവരിൽ ആരെങ്കിലും ഫോറം നമ്പർ 2 ൽ നൽകുന്ന ഡിക്ലറേഷനും, ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും തെളിവായി സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2008 ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെയും അത് പുറപ്പെടുവിക്കുന്നതിന് ആധാരമായ ബഹു. സുപ്രീം കോടതിയുടെ സീമ Vs അശ്വനി കുമാർ കേസിൽ 14/02/2006 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും വെളിച്ചത്തിൽ, വിവാഹത്തിലെ കക്ഷികളുടെ മതമേതെന്ന രേഖയോ മതാചാരപ്രകാരമാണ് വിവാഹം നടന്നതെന്ന രേഖയോ ആവശ്യപ്പെടേണ്ടതില്ലെന്നും മെമ്മോറാണ്ടത്തിനൊപ്പം കക്ഷികളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃതരേഖകളും വിവാഹം നടന്നതിനുള്ള തെളിവായി മേൽപ്രകാരം സൂചിപ്പിച്ച രേഖകളേതെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ചട്ടങ്ങളിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് തദ്ദേശ രജിസ്ട്രാർമാർക്കും രജിസ്ട്രാർ ജനറൽമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും തദ്ദേശ വിവാഹ രജിസ്ട്രാർമാർക്കും.( പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ ഓഡിറ്റ് II) തിരുവനന്തപുരം
6. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
7. എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
8. ഐ.& പി.ആർ വെബ് & ന്യൂ മീഡിയ
9. നിയമവകുപ്പ് / തദ്ദേശ സ്വയഭരണ (ആർ.ഡി) വകുപ്പ് (ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി)
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ആർസി3/288/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ